കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, മൂന്നാം നില,
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം. പിൻ 695 001, ഫോൺ : 0471 - 2335524, 2449939,
Website : www.lifemission.kerala.gov.in, E-mail : lifemissionkerala@gmail.com

നം. **LM/379/2026-LM 5** തീയതി : **21-09-2026**

## സർക്കുലർ

സർ,

വിഷയം : ലൈഫ് മിഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈഫ് ഭവനപദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം - സംബന്ധിച്ച്.

സൂചന :
1) 14.02.2023-ലെ എൽ.എം.1/196/ഫിൻ/23 നമ്പർ സർക്കുലർ.
2) 28.02.2024-ലെ എൽ.എം.1/196/ഫിൻ/23 നമ്പർ സർക്കുലർ.
3) 19.03.2024-ലെ സ.ഉ (സാധാ) 662/2024/LSGD നമ്പർ ഉത്തരവ്.

ലൈഫ് ഭവനപദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി സൂചന (1), (2) സർക്കുലറുകൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അർഹതപ്പെട്ട തുക യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നതിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുരുതര വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത്തരം സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.

പദ്ധതിയിൽ അംഗമായ യഥാർത്ഥ ഗുണഭോക്താക്കൾക്ക് അർഹമായ തുക അവരുടെ സ്വന്തം അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നതിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

ഫണ്ട് അഭ്യർത്ഥനയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കുന്ന ഗുണഭോക്താക്കളുടെ വിവരവും അക്കൗണ്ട് വിവരങ്ങളുമടങ്ങുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സ്റ്റേറ്റ്മെന്റ് മേലൊപ്പു വെച്ച് ചെക്ക് സഹിതം ബന്ധപ്പെട്ട ബാങ്കുകളിൽ നൽകുന്നതിനും മേലൊപ്പ് വെച്ച സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് ബാങ്കിന്റെ ആതറൈസേഷൻ സഹിതം ഫയലിൽ സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. ടി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഫണ്ട് അഭ്യർത്ഥന പ്രകാരമുള്ള തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിക്കുന്നുണ്ടെന്നും അതിൻപ്രകാരം

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിക്കുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ/സെക്രട്ടറി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പുരോഗതി, ഫണ്ട് വിനിയോഗം, നിർമ്മാണ സാമഗ്രികളുടേയും നിർമ്മാണത്തിന്റേയും ഗുണമേൻമ/സുരക്ഷ ഉറപ്പുവരുത്തൽ എന്നിവയ്ക്കായി വാർഡ് തലത്തിൽ ജന പ്രതിനിധി, എഞ്ചിനീയറിംഗ് പ്രതിനിധി, വാർഡിന്റെ ചുമതലയുള്ള ജീവനക്കാരൻ, സോഷ്യൽ ഓഡിറ്റ് പ്രതിനിധി എന്നിവരടങ്ങുന്ന വാർഡുതല കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കേണ്ടതാണ്.

എല്ലാ മാസവും ഗ്രാമപഞ്ചായത്ത് യോഗത്തിൽ ലൈഫ് ഭവനപദ്ധതി നിർവ്വഹണം ഒരു അജണ്ടയായി ഉൾപ്പെടുത്തി ടി കമ്മിറ്റികളുടെ റിപ്പോർട്ട് കൃത്യമായി പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുമുള്ള ആലോചനയും തീരുമാനങ്ങളും കൈക്കൊള്ളുന്നത് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഗുണകരമായിരിക്കും.

പദ്ധതി നിർവ്വഹണം, ഫണ്ട് വിതരണം എന്നിവയിലുണ്ടാകുന്ന ക്രമക്കേടുകൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരിശോധിച്ച് ഉടൻ തന്നെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട ഓഫീസുകളിൽ അറിയിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

മേൽ ഭേദഗതികളോടെ സൂചന സർക്കുലറുകൾ നിലനിൽക്കുന്നതാണ്.

വിശ്വസ്തതയോടെ,

**Apurva Tripathi IAS**

**CHIEF EXECUTIVE OFFICER**

പകർപ്പ് :-

1) എല്ലാ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാക്കും.
2) എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.
3) എല്ലാ ലൈഫ് ഭവനപദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കും.

Digitally signed by
Apurva Tripathi
Date: 21-09-2026
13:53:59